# ദുഷ് പ്രഭുത്വം അവസാനിപ്പിക്കാനുള്ള ഒത്തുനോക്കല് പട്ടിക

## The Checklist for Ending Tyranny

**Peter Ackerman and Hardy Merriman**

From the book: ‘Is Authoritarianism Staging a Comeback?’
Editors: Matthew Burrows and Maria J. Stephan
The Atlantic Council, Washington DC — 2015
Translation: March 2018

# TRANSLATOR’S NOTES

©2014 Peter Ackerman and Hardy Merriman

# ദുഷ് പ്രഭുത്വം അവസാനിപ്പിക്കാനുള്ള ഒത്തുനോക്കല് പട്ടിക

The checklist for Ending Tyranny



## പീറ്റര് അക്കല്മാനും ഹാര്ഡി മെറിമാനും ചേര്ന്നെഴുതിയത്.



ഇന്നുലോകത്തെമ്പാടും കാണപ്പെടുന്ന മാരകമായ സംഘര്ഷങ്ങള് രാജ്യങ്ങള് തമ്മിലും ഒരു പക്ഷേ രാജ്യത്തിനുള്ളില് തന്നെ നിന്നാകും. കുഴിതോണ്ടുന്ന ദുഷ്പ്രഭുക്കന്മാരും അവര്ക്കെതിരായി അവര് അടിച്ചമര്ത്തപ്പെടുന്ന ജനതയും തമ്മില് ഇതു വ്യാപകമായി വിശ്വസിക്കുന്നു അതായത് അമര്ച്ച ചെയ്യപ്പെട്ടട്ട ജന സമൂഹത്തിന്റെ രണ്ടുമാര്ഗ്ഗങ്ങള് തെരഞ്ഞെടുക്കാനുണ്ട്. ദുഷ്പ്രഭുത്വത്തെ സ്വീകരിക്കുക അതേസമയം ആ രീതി ഉരുത്തിരിഞ്ഞു കുറെക്കൂടി ശാന്തമായിത്തീരും അല്ലെങ്കില് ഒരു അക്രമപൂര്ണ്ണമായ വിപ്ലവം ഉണ്ടായി സ്വാതന്ത്യ്രം കൈവരിക്കാം. ഈ പരിമിതമായ വീക്ഷണത്തെ പല ആളുകളും എതിര്ക്കുന്ന സത്യം സിവില് പ്രതിരേധസമരം (ഈ വാക്കിനെ പലരും ജനങ്ങളുടെ ശക്തി സമരം അഥവാ അക്രമരഹിത സംഘട്ടനം) നാം മനസ്സിലാക്കിയിരിക്കുന്നതിനേക്കാള് നിരന്തരമായി സംഭവിക്കുന്നുണ്ട്. 1900ല് ആരംഭം മുതല് ശരാശരി ഓരോ വര്ഷവും ലോകത്തില് ഒരു വലിയ സിവില് പ്രതിരോധസമര പ്രചരണം നിലവില് ഭരിക്കുന്ന ഭരണാധികാരികള്ക്ക് എതിരായി ഉണ്ടായിട്ടുണ്ട്.1972 മുതല് പൗരന്മാരാല് നയിക്കപ്പെട്ട സമരങ്ങള് അതിന്റെ അനന്തരഫലങ്ങളാല് നിര്വ്വചിക്കപ്പെടുന്നു. ഇതെല്ലാം ഭൂമിശാസ്ത്രപരമായും പ്രാധാന്യമുള്ളതും. ജനാധിപത്യത്തിലേക്ക് പരിവര്ത്തനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതുമാണ്. എന്നിട്ടും നയം ഉണ്ടാക്കുന്നവര്, പണ്ഡിതന്മാര്, പത്രപ്രവര്ത്തകര്, മറ്റു താത്പര്യമുള്ള നിരീക്ഷകള് നിരന്തരമായി സാധാരണ ജനങ്ങളുടെ കഴിവു ദുഷ്പ്രഭുത്വത്തെ നിയന്ത്രിക്കാനും അവരുടെ അവകാശങ്ങള് നേടിയെടുക്കാനും സായുധമല്ലാത്തെ സമരംകൊണ്ടു സാധിക്കുകയില്ലെന്നു വില കുറച്ചാണ് കാണിക്കുന്നത്.

## അപഗ്രഥനപരമായ അന്ധമായ കളങ്കം.

2011ല് ട്യൂണിഷ്യയിലും ഈജിപ്തിലും നടന്ന പ്രക്ഷോഭങ്ങള് വളരെയടുത്ത കാലത്ത് 2014ല് ഉക്രയിനിലും നടന്ന പ്രക്ഷോഭങ്ങള് വളരെ താഴ്ന്ന സാമൂഹ്യ നിലവാരത്തില് ആരംഭിക്കുന്ന സിവില് പ്രതിരോധസമരങ്ങള് അതിന്റെ ശക്തിയും അതിന്റെ പരിവര്ത്തനം കൊണ്ടുവരാനുള്ള സാമാര്ത്ഥ്യം ജനങ്ങളെ അതിശയിപ്പിച്ചിട്ടുണ്ട്. ആര്ക്കും മുന്നേഅറിയാന് സാധിച്ചില്ല ഇങ്ങനെ ഒരു പ്രക്ഷോഭം ഉണ്ടാകുമെന്ന്. അതുകൊണ്ടുതന്നെ അതിന്റെ തുല്യമില്ലായ്മ വെളിവാകുന്നു. വളരെ പരിചിതമായ ആളുകള് മാത്രമേ കണ്ടുകാണു. വര്ണ്ണവിപ്ലവങ്ങള് അതായത് 2000 ല് സൈബീരിയായിലും 2003ല് ജോര്ജിയായിലും 2004ല് ഉക്രയിനിലും വിപ്ലവം ഉണ്ടാകുമെന്ന്. ദശകങ്ങള് മുന്നേ ആരും പ്രതീക്ഷിച്ചില്ല. 1986ല് ഫിലിപ്പൈന്സില് ഏകാധിപതി ഫെര്ഡിനാന്റുമാര്ക്കോസിന്റെ ഭരണവും 1988ല് ചിലിയില് അഗസ്റ്റേ പിനോഷേയുടെ ഭരണവും 1989ല് പോളണ്ടില് സോവിയറ്റുഭരണവും, തെക്കേ ആഫ്രിക്കയില് വര്ണ്ണവിവേചനത്തെ പിന്തുണയ്ക്കുന്ന ഭരണവും അവസാനിക്കുമെന്ന ആരും പ്രതീക്ഷിച്ചില്ല.

ഒരു അന്താരാഷ്ട്രീയവും പ്രാദേശികവുമായ വിദഗ്ധര് ഇതും ഇങ്ങനെയുള്ള സിവില് പ്രതിരോധ സമരങ്ങളും അവര് പലപ്പോഴും എത്തിച്ചേരുന്ന പരിസമാപ്തി വിജയകരമായ സിവില് പ്രതിരോധസമരങ്ങള് ചരിത്രപരമായ സാമ്യമുള്ളതും അവയെല്ലാം ഒരു പ്രത്യേക സാഹചര്യങ്ങളുടെ കൂട്ടം ഒരു പ്രത്യേകരാജ്യത്ത് ഒരു പ്രത്യേകസമയത്ത് സംഭവിച്ചതുമാണ്. എന്തുകൊണ്ടെന്നാല് അവയുടെ ഗമനം കാണപ്പെട്ടത് വളരെ പ്രത്യേകതയുള്ളതായിട്ടാണ്. അവയൊന്നും പ്രത്യേക നയതന്ത്രങ്ങളുടെ തെളിവായിക്കാണുക. എങ്ങനെയാണോ ജനസാധാരണത്തിനു വൈവിദ്ധ്യമാര്ന്ന മര്ദ്ദിത ഭരണത്തിനെതിരായി ശക്തി കൈയാളണമെന്നുതന്നെ. എന്നാല് സ്വേച്ഛാധിപതികളായ ലോകത്തെമ്പാടുമുള്ള ഭരണാധികാരികള് അന്ധമായ കളങ്കത്താല് കഷ്ടപ്പെടുന്നവരല്ല.

ഇതുമനസ്സിലാക്കാന് ആളുകള്ക്ക് സാധിച്ചു. ശക്തിയുള്ള സമരങ്ങള് നിലിവിലിരിക്കുന്ന ഭരണത്തിനു വലിയ ഭീഷണിയാണെന്ന്

അക്രമരഹിത സമരങ്ങള് കഴിഞ്ഞ ദശകത്തില് വര്ദ്ധിച്ചു വരുന്ന സാഹചര്യത്തില് ജനാധിപത്യ പരിവര്ത്തനത്തെ പിന്തുണയ്ക്കുന്നവരെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയതാണ് അവരുടെ അറിവുകാലാനുസൃതമായി അറിവുകള് ഉള്ക്കൊള്ളിച്ചു മനസ്സിലാക്കണം. എന്തുകൊണ്ട് ജനശക്തി സമരങ്ങള് വിജയിക്കുന്നുവെന്ന്. അക്രമരഹിത സംഘര്ഷങ്ങള് അനേകം സംഭവങ്ങളില് ലോകത്തിലെമ്പാടും പ്രവര്ത്തനക്ഷമമാകുന്നത് എന്തുകൊണ്ടെന്നാല് അത് രണ്ടു സത്യങ്ങളെ ചൂഷണം ചെയ്യുന്നു. സ്വേച്ഛാധിപത്യസ്വഭാവമുള്ള സര്ക്കാരുകള് ആധാരമാക്കിയിരിക്കുന്നത് ജനങ്ങളുടെ ഇടയിലുള്ള അനുസരണാശീലം കൊണ്ടാണ്. ഭരണാധികാരികള് അവരെ അടിച്ചമര്ത്തുന്നത് അവരുടെ നിയന്ത്രണം തുടര്ന്നുകൊണ്ടുപോകാനാണ്. എന്നാല് ഒരു സമൂഹത്തിലെ എല്ലാ ആളുകളും ഒരുപോലെയുള്ള വിശ്വസ്തതകാണിക്കുന്നത്.

## എങ്ങനെ സിവില് പ്രതിരോധം പ്രവര്ത്തിക്കുന്നു.

രണ്ടുസത്യങ്ങളില് അടിസ്ഥാനപ്പെടുത്തി സിവില് സമരപ്രവര്ത്തകര് ജനങ്ങളെ വ്യവസ്ഥാപിതമായി സംഘടിപ്പിക്കുന്നത്. അക്രമരഹിതമായ സമ്മര്ദ്ദം പ്രയോഗിച്ചു അവരുടെ അനുസരണ പിന്വലിപ്പിക്കാന് ശ്രമിക്കുന്നു. അതുപലതരത്തിലുള്ള തന്ത്രങ്ങളിലൂടെയാണ്. അവ പണിമുടക്ക്, ബഹിഷ്കരണം വന് പ്രകടനങ്ങള് തുടങ്ങിയ മറ്റുപ്രവൃത്തികളും, നിലവിലുള്ള മര്ദ്ദിത വ്യവസ്ഥിതി അലങ്കോലപ്പെടുത്തി അവകാശങ്ങള്, സ്വാതന്ത്ര്യം നീതി എന്നിവ നേടുക. സിവില് പ്രതിരോധത്തിലെ പങ്കാളിത്തം വൈവിദ്ധ്യമാകുമ്പോഴും അതു വളര്ന്നു വരുമ്പോഴും അവര്ക്കെതിരായ മര്ദ്ദനമുറ ശാന്തിയും സമാധാനവും പുനസ്ഥാപിക്കാന് അപര്യാപ്തമായിത്തീരുകയും അതു അപക്വമായ പൊട്ടിത്തെറിക്കു സാദ്ധ്യതയുണ്ടാക്കുകയും ചെയ്യും.

പ്രക്ഷോഭം തുടര്ന്ന് കൊണ്ടിരിക്കുമ്പോള് സര്ക്കാരിലും മറ്റു സര്ക്കാര് സര്ക്കാരിത സ്ഥാപനങ്ങളിലും വിള്ളല് കണ്ടുതുടങ്ങും. (ieപോലീസ്, പട്ടാളം, മാദ്ധ്യമം, രാഷ്ട്രീയം ഭരണപരവും സാമ്പത്തികവുമായ സംഘടനകള്) ഇത് സര്ക്കാരിന്റെ നിലനില്പ്പിനു നിര്ണ്ണായകമാണ് ഈ വിള്ളലുകള് കൂറുമാറ്റത്തിലേക്കു നയിക്കും. കൂറുമാറ്റം വര്ദ്ധിച്ചുവരുമ്പോള് കഴിവുകളുടെ കാതലായ ഭാഗം ഒരു സ്വേച്ഛാധിപത്യ ഭരണം ആശ്രയിക്കുന്നത് ഭൗതികമായ സമ്പത്തിലുള്ള നിയന്ത്രണം, മനുഷ്യവിഭവങ്ങള് ആളുകളുടെ കഴിവ് അവരുടെ അറിവ്, പരിതസ്ഥിതികളെക്കുറിച്ചുള്ള അറിവ് അംഗീകാരം കൊടുക്കാനുള്ള കഴിവ്, ഇവയിലൊക്കെയാണ്. അവയെല്ലാം സമരം മൂലം നശിപ്പിക്കപ്പെടും. സ്വേച്ഛാധിപതികള്ക്ക് പ്രായോഗികമായ ആജ്ഞാപിക്കാനുള്ള കഴിവുനഷ്ടപ്പെടുകയും, ഭരണാധികാരിക്ക് ആജ്ഞകള് പ്രാവര്ത്തികമാകാന് സാധിക്കാതെ വരുന്നു. അവരെ തുടര്ന്നുകൊണ്ടിരിക്കുന്ന അക്രമരഹിത സമരത്തിന്റെ സമ്മര്ദ്ദം ആസ്ഥാനത്ത് തുടരാന് സാധിക്കാതെവരും. അതിന്റെ പരിസമാപ്തി സര്വ്വവ്യാപകമായ പരിവര്ത്തനമാണ്.

## നിപുണതയ്ക്കെതിരെ വ്യവസ്ഥിതികള്

വര്ദ്ധിച്ചുവരുന്ന ആകസ്മിക സംഭവങ്ങളും സിവില് പ്രതിരോധസമരത്തിന്റെയും പ്രഭാവത്തില്, വളരെ പ്രാധാന്യത്തോടെ പരിശോധിക്കേണ്ടത് അവയുടെ അനന്തരഫലമാണ്. ഒരു സമരം തുടങ്ങുന്നതിനു മുമ്പുള്ള അവസ്ഥകള് തീരുമാനിക്കാന് പര്യാപ്തമാണോ ആ സമരം അഥവാ സ്വേച്ഛാധിപതി ജയിക്കുമോ എന്ന് അഥവാ വിജയം രണ്ടുവശത്തും തീരുമാനിക്കുന്നത് കൂടുതലായും അവര് തെരഞ്ഞെടുക്കുന്ന തന്ത്രങ്ങളും നൈപുണ്യം എന്നിവ ഉപയോഗിച്ചു സമരം നടത്തുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും.

ഇന്റര്നാഷണല് സെന്റര് ഓണ് നോണ് വയലന്റ് കോണ്ഫ്ളിക്സ് എന്ന സ്ഥാപനത്തിന്റെ നിരൂപണപ്രധാനമായ ദൗത്യത്തിന്റെ മുഖം (നമ്മളെല്ലാം അതിന്റെ ഭാഗമാണ്) വാദിക്കുന്നത് ഒരു സമരത്തിന്റെ അനന്തരഫലങ്ങളും സഞ്ചാരപഥങ്ങളും തീരുമാനിക്കുന്നതില് ആ അവസ്ഥകളെക്കാള് കൂടുതല് മുന്തൂക്കമുള്ളത് അതില് പ്രയോഗിക്കുന്ന നൈപുണ്യമാണ്. ഈ ആശയം സാധാരണയായി അര്ത്ഥവത്തായ പിന്തള്ളല് ക്ഷണിച്ചുവരുത്തുന്നു അതു പ്രധാനമായും

കേന്ദ്രീകരിച്ചിരിക്കുന്നത്. എതിരാളിയുടെ മര്ദ്ദനം തുടരാനുള്ള തീരുമാനമാണ്. അക്രമരഹിത സമരം പ്രാവര്ത്തികമാക്കുന്നത് കാരുണ്യമുള്ള അഥവാ മാര്ദ്ദവ സ്വഭാവമുള്ള പ്രതിയോഗികള്ക്ക് എതിരെയാണ്. ഇത് ഒരു നിരന്തരമായ ക്ഷമാപണമാണ്. പക്ഷെ സൗകര്യപ്രദമായി മറന്നിട്ടുള്ളത് തെക്കേ ആഫ്രിക്കയിലെ വര്ണ്ണവിവേചനത്തിനെതിരായ സമരം ചിലിയില് പിനാഷേയ്ക്കെതിരായ സമരം, ഫിലിപ്പൈന്സില് മാര്ക്കോസിനെതിരായ സമരം അല്ലെങ്കില് പോളണ്ടിലെ സോവിയറ്റ് ഭരണത്തിനെതിരായ സമരങ്ങള് ജയിച്ചത്. വളരെ അടുത്തകാലത്തെ സമരമാണ് ഈജിപ്റ്റില് ഹോസനി മുബാറക്കിനെതിരായ സമരം, ട്യൂണിഷ്യയില് ബെന്അലിയ്ക്കെതിരായ സമരം. ഈ സമരങ്ങളിലെ പ്രതിയോഗികള് കാരുണ്യമുള്ളവരാണെന്ന് ചിത്രീകരിക്കാന് സാധിക്കില്ല.

ഈ ഗുണനിലവാരമുള്ള ഉദാഹരണങ്ങള് പാരിമാണിക വിശേഷണവും പിന്തുണയ്ക്കുന്നു. 2008ല് ഫ്രീഡം ഹൗസ് അറുപത്തിനാല് രാജ്യങ്ങളില് നടന്ന അക്രമരഹിത പ്രതിരോധസമരത്തിനെ സ്വാധീനിച്ച ഘടകങ്ങളും വിവിധ ഘടനാപരമായ വസ്തുതകളും പരിശോധിച്ചു ഗവേഷണം നടത്തി ഒരു പഠന റിപ്പോര്ട്ട് പ്രസിദ്ധീകരിച്ചു. ഈ 64 രാജ്യങ്ങളില് 1975നും 2006നും മദ്ധ്യേ നടന്നവയും അവിടെയെല്ലാം സ്വേച്ഛാധിപത്യ സര്ക്കാരിനുപതനമാണ് സംഭവിച്ചത്. ആ റിപ്പോര്ട്ടിന്റെ പരിസമാപ്തി താഴെച്ചേര്ക്കുന്നു.

'രാഷ്ട്രീയ ഘടകമോ പരിതസ്ഥിതിസംബന്ധമായ ഘടകങ്ങള്ക്കോ ശരിയായ പരിശോധനയ്ക്കുശേഷം അവയ്ക്ക് അര്ത്ഥവത്തായ പ്രഭാവം ഒരു സമരത്തിന്റെ വിജയത്തെയോ പരാജയത്തെയോ സ്വാധീനിക്കാന് സാധിച്ചിട്ടില്ല. സിവില് സമരങ്ങള് വിജയിക്കാന് സാധിക്കുന്നത് വികാസം കൂടുതല് സംഭവിച്ചിട്ടില്ലാത്ത, സാമ്പത്തികമായി വളരെ പാവപ്പെട്ടവര് ഉള്ക്കൊള്ളുന്ന സമൂഹത്തില് ആണ് എപ്രകാരമാണോ വികാസം നേടിയതും സമ്പല്സമൃദ്ധിയുള്ള രാജ്യത്തും ഇതുപ്രയോഗികമാണ്. ഈ പഠനത്തില് നിന്നും ഉളവാകുന്ന മറ്റൊരുകാര്യം വര്ഗ്ഗീയമായതോ മതപരമായതോ ആയ ധ്രുവീകരണം ഒരിക്കലും ഒരു സംഘടിതമായ പൗരന്മാരുടെ എതിര്പ്പുണ്ടാക്കാന് യാതൊരു പ്രഭാവവും ചെലുത്താന് സാധിക്കില്ല. അതുപോലെ ഭരണത്തിന്റെ പ്രത്യേകത ഒരു പൗരന്മാരുടെ' സംഘടിതമായ സമരത്തിനു വിപുലമായ പിന്തുണ കിട്ടാനും സഹായിക്കുകയില്ല.

ഒരോയൊരുഘടകം ആ പഠനത്തില് പരിശോധിച്ചത് ജനസ്ഥിതി വിവരക്കണക്കനുസരിച്ച് പ്രാധാന്യമര്ഹിക്കുന്നത് ഒരുസിവില് പ്രതിരോധ സമരത്തിന്റെ ആവിര്ഭാവവും അതിന്റെ അനന്തരഫലങ്ങളും ഗവണ്മെന്റിന്റെ കേന്ദ്രീകൃതസ്വഭാവത്തെ അടിസ്ഥാനമാക്കിയാണ്.

ലേഖകന്മാര് വീണ്ടും എഴുതുന്നു.

ഈ പഠനം വെളിവാക്കുന്നത്. ഉയര്ന്ന നിലവാരത്തിലുള്ള സര്ക്കാരിന്റെ കേന്ദ്രീകൃതസ്വഭാവം ഒരു ശക്തിയുള്ള പൗരപ്രതിരോധസമരം, ഭരണത്തിന്റെ അധികാരത്തെ വെല്ലുവിളിക്കാന് കഴിവുള്ളതുമായി ബന്ധമുണ്ട്. ഇതിനെതിരായ സ്വഭാവവും ചിലപ്പോള് സത്യമായിത്തീരും. അതായത് സര്ക്കാരിന്റെ കേന്ദ്രീകൃത സ്വഭാവവും കൂടുന്നതനുസരിച്ചു പൗരന്മാരുടെ സംഘടനാസാദ്ധ്യതയും, വിജയത്തിലെത്തിച്ചേരാന് സാധിക്കുന്ന സമരത്തിന്റെ സാദ്ധ്യതയും അതനുസരിച്ചു കുറഞ്ഞുവരും.

ഇപ്രകാരം ഈ പഠനം വീണ്ടും കാണുന്നത് പരിസ്ഥിതി സംബന്ധമായ അവസ്ഥകള് ഒരു സിവില് പ്രതിരോധസമരത്തിന്റെ സഞ്ചാരപഥത്തെ സ്വാധീനം ചെയ്യും. ഇതില് നിന്നുള്ള കണ്ടെത്തലുകള് അവസ്ഥകളാണ് ഒരു സംഘര്ഷത്തിന്റെ അനന്തരഫലങ്ങളെ നിശ്ചയിക്കുന്നു എന്ന അവസാന വാദത്തെ വിലകുറച്ചു കാണുന്നു.

മൂന്നു വര്ഷങ്ങള്ക്കുശേഷം അവരുടെ 2011ലെ അവാര്ഡ് നേടിയ ഗ്രന്ഥം എന്തുകൊണ്ട് സിവില്സമരങ്ങള് പ്രവര്ത്തിക്കുന്നു.

അഹിംസാ സമരങ്ങളുടെ തന്ത്രപരമായ നീതി ശാസ്ത്രം

[Why civil resistamce works - The Strategic logic of Non violent conflict]

ഈ ഗ്രന്ഥത്തില് എറിക്കാ ചെനോ വീത്തും മറിയാ സ്റ്റീഫനും ചേര്ന്ന് 1900നും 2006നും മദ്ധ്യേ നടന്ന 323 അക്രമരഹതി സമര പ്രചരണങ്ങള് അതായത് നിലവില് ഭരിക്കുന്ന സര്ക്കാരിനെ വെല്ലുവിളിച്ചവ സസൂക്ഷ്മം അപഗ്രഥിച്ചു അതില് നിന്നും ഉളവായ അടിത്തറയെ ഇളക്കുന്ന വെളിവാക്കലുകളില് നിന്നും മനസ്സിലാക്കുന്നത് സിവില് പ്രതിരോധ സമരങ്ങളില് 53 ശതമാനം വിജയത്തിലെത്തിച്ചേര്ന്നു. അതേസമയം സായുധസമരം 26 ശതമാനവുമാണ് വിജയിച്ചത്. അവര് മനസ്സിലാക്കിയത് സര്ക്കാരിന്റെ അടിച്ചമര്ത്തലും മറ്റുഘടനാപരമായ പ്രത്യേകതകളും ഒരു സിവില് പ്രതിരോധ സമരത്തിന്റെ വിജയത്തെ സ്വാധീനിക്കാനുള്ള സാധ്യതകള് വളരെ കൂടുതലാണ്. (മിക്കവാറും

സമൂഹം ധരിച്ചതിലും കുറവായി വിജയശതമാനം 35 ശതമാനത്തിലേക്ക് താഴ്ന്നു) അവര് മനസ്സിലാക്കിയത് ഘടനാപരമായ വ്യവസ്ഥകള് ഈ സഹനസമരങ്ങളുടെ അനന്തരഫലത്തില് നിര്ണ്ണായകമാണെന്നാണ്. സിവില് പ്രതിരോധസമരങ്ങള് മിക്കവാറും വിജയം കൈവരിക്കുന്നത് പരിതസ്ഥിതി വ്യവസ്ഥകളെ ആധാരമാക്കിയല്ല നേരേമറിച്ച് പലആളുകളും അക്രമരഹിത സമരങ്ങളുടെ പരാജയവുമായി ബന്ധപ്പെടുത്തിയാണ്. ഈ നിഗമനത്തില് എത്തിച്ചേര്ന്നത് ഈ സമരങ്ങളെ സംബന്ധിച്ച വിവരങ്ങള് പൂര്ണ്ണമായും വിലയിരുത്തിയതിനുശേഷമാണ്.

ഈ ഫലങ്ങള് തുറന്നു കാണിക്കുന്നത് സിവില് പ്രതിരോധ സമരങ്ങള് ആധാരമാക്കിയ പരമ്പരാഗത ബുദ്ധിയെക്കുറിച്ചുള്ള ശരിയല്ലാത്ത നിഗമനങ്ങളെ ആധാരമാക്കിയാണ്. ഈ സംഘര്ഷങ്ങളുടെ അനന്തരഫലങ്ങളെ തീരുമാനിക്കുന്നതില് നിപുണതയും തന്ത്രപ്രധാനവുമായ തെരഞ്ഞെടുക്കലുകള്ക്കുമാണ് കൂടുതല് പ്രാധാന്യം. ഇത് യഥാര്ത്ഥത്തില് അതിശയിപ്പിക്കുന്നതല്ല. നാം ആദ്യത്തെ സമരതന്ത്രത്തിന്റെ അടിസ്ഥാനത്തില് വിലയിരുത്തുമ്പോള് അത് എതിര്കക്ഷിയുടെതീരുമാനം എങ്ങനെ ഏകാധിപത്യത്തിനെതിരായി യുദ്ധം ചെയ്യണമെന്നത് അതു യുക്തിസംഗജമായ പ്രതീക്ഷയല്ല, നയതന്ത്രപരമായ തീരുമാനം ഏകാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ടുള്ള സമരത്തില് ബാഹ്യമായ അവസ്ഥകള് അതിന്റെ അനന്തര ഫലങ്ങളെ തീരുമാനിക്കുന്ന പ്രധാനഘടകം അല്ല എന്നത്. അതും അത്ര പ്രാധാന്യമുള്ളതല്ല. അക്രമസമരം അക്രമരഹിതസമരങ്ങളുടെ വിജയശതമാനത്തിന്റെ നിരക്ക് പല സമരങ്ങളും സമാനതകളാണ് കാണപ്പെടുന്നത്.

പക്ഷേ ഇതല്ല ആധാരമായ കണക്കുകള് സൂചിപ്പിക്കുന്നത്. 1900നും 2006 മദ്ധ്യേ ജനശക്തിസമരങ്ങള് ഇരട്ടി വിജയശതമാനം കൈവരിക്കാന് സാധിച്ചു. കൂടാതെ ഈയടുത്തകാലത്തുള്ള പഠനങ്ങളില് നിന്നും വെളിവാകുന്ന ചില വിജയശതമാന നിരക്ക് അര്ത്ഥവത്തായ രീതിയില് മാറിയിട്ടില്ല. ഇതിനെതിരായ വാദമുഖം ഉയര്ത്തിക്കൊണ്ട് എതിരാളികള് ഖണ്ഡിതമായി പറയും സിവില് പ്രതിരോധിസമരക്കാര് ഏറ്റെടുക്കുന്ന സമരങ്ങള് എളുപ്പത്തില് വിജയിക്കാന് സാദ്ധ്യതയുള്ളവയാണ്. എന്നാല് ചെനോ വേത്തും സ്റ്റീഫനും ഈ വാദമുഖം എതീക്ഷിച്ചുകൊണ്ട് കാണിച്ചത്// ഏറ്റവും കൂടുതല് അക്രമരഹിത സമരപ്രചാരണം സ്വേച്ഛാധിപത്യ ഭരണത്തിനെതിരായി ഉയര്ന്നു വന്നിട്ടുള്ളവയാണ്. അവിടെ സമാധാനപരമായ സര്ക്കാരിനെതിരായ ഒരു ചെറിയസമരം പോലും മാരകമായ അനന്തരഫലം ഉളവാക്കും''

ഈ വാദമുഖത്തിന്റെ അവകാശം നോബല്സമ്മാന ജേതാവായ സാമ്പത്തിക ശാസ്ത്രജ്ഞന് 50 വര്ഷങ്ങള്ക്ക് മുമ്പ് അദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകം Civilian Resistance as a National Defence: Nonviolent Action against Aggression ഈഗ്രന്ഥം ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്. ഏകാധിപത്യഭരണാധികാരികളും അദ്ദേഹത്തിന്റെ പ്രജകളും ഏകദേശം ഒരു സന്തുലനാവസ്ഥയിലാണ്. അവര്ക്ക് ഭരണാധികാരികള് ആവശ്യപ്പെടുന്നതുപലതും നിരസ്സിക്കാന് സാധിക്കും. അവര്ക്ക് അച്ചടക്കമുള്ള ഒരു സംഘടനാ ശക്തിയുണ്ടെങ്കില് അവര്ക്ക് ആവശ്യമുണ്ടെങ്കില് സഹകരണം തന്നെ നിരാകരിക്കാം. അതുപോലെ ഭരണാധികാരിക്കും ജനങ്ങളുടെ ആവശ്യങ്ങളും നിരാകരിക്കാം. അയാള്ക്ക് ആജ്ഞാ ശക്തിയും സൈന്യബലവും ഉപയോഗിച്ച് നിരസിക്കാം. അതായത് ഈ രണ്ടു കക്ഷികളും ഒരു വിലപേശലിന്റെ അവസ്ഥയിലാണ് ഓരോകക്ഷിയും പര്യാപ്തമായരീതിയില് സംഘടിപ്പിക്കപ്പെട്ടതും മെച്ചമായ അച്ചടക്കം ഉള്ളതുമാണെങ്കില് എതിര്കക്ഷികളുടെ ആവശ്യങ്ങള് നിരസ്സിക്കാം. കാണേണ്ടത് ഏതുഭാഗം ജയിക്കുമെന്നതാണ്.

ഷെല്ലിംഗിന്റെ അഭിപ്രായത്തില് സിവില് സമരഭടന്മാര് തെരഞ്ഞെടുത്ത തന്ത്രങ്ങള് ചെലവേറിയതും അതുപോലെ പ്രയോജനമുള്ളതുമാണ്. ഇതേപോലെയൊണ് സ്വേച്ഛാധിപതികള് തെരഞ്ഞെടുത്ത സമരതന്ത്രങ്ങളുടേയും നില. ജയം നേടുന്ന മുഖ്യപോരാളി അയാളുടെ പക്ഷത്തുള്ള ചെലവുകളും പ്രയോജനങ്ങളും വളപ്രഭാവാത്മകമായി രീതിയില് തന്റെ കക്ഷികള്ക്കു വേണ്ടി വിതരണം ചെയ്യുന്നയാളാണ്. ബുദ്ധിയുള്ള സിവില് പ്രതിരോധ സമരനേതാക്കള് പരമാവധി പ്രക്ഷോഭം ഉണ്ടാക്കുന്നത് പരമാവധി ജനങ്ങളുടെ കൂറുമാറ്റം പ്രതീക്ഷിച്ചുകൊണ്ടാണ് അയാള് അനുകൂലമായ തന്ത്രങ്ങള് മുഖാന്തിരം താരതമ്യേന ചെറിയ പ്രക്ഷോഭങ്ങള് സംഘടിപ്പിച്ച് വലിയ രീതിയിലുള്ള കൂറുമാറ്റത്തിനു ശ്രമിക്കുന്നു. ബുദ്ധിയുള്ള സ്വേച്ഛാധിപതി അനുസരണ അടിച്ചേല്പ്പിക്കുന്നതുമര്ദ്ദന മുറകളിലൂടെയും അനുകൂലമാക്കാന് വളരെക്കുറച്ചു ശക്തിപ്രയോഗം

നടത്തി പരമാവധി അനുസരണ നേടാനും ശ്രമിക്കും. ആകെയുള്ള കൂറുമാറ്റവും അതിനും മുഖാമുഖം നില്ക്കുന്ന വിധേയത്വവും അനുസരണയും ആരുജയിക്കുമെന്നു തീരുമാനിക്കും.

## ഒത്തുനോക്കല്പട്ടിക
## (THE CHECK LIST)

സിവില് പ്രതിരോധസമരത്തിന്റെ അനന്തരഫലത്തെ തീരുമാനിക്കുന്ന ഘടകങ്ങളാണ് ബുദ്ധിയും തന്ത്രങ്ങള് തെരഞ്ഞെടുക്കലും. അപ്പോള് നാം തിരിച്ചറിയേണ്ടത് ഒരു വിപുലമായ സമരങ്ങളുടെ പരിധിയില് പൊതുവായ വിജയം നിശ്ചയിക്കുന്ന പരിഛേദത്തെ തിരിച്ചറിയുന്നത് പൊതുവായി പങ്കിടുന്ന കഴിവുകള് നിപുണതകള് തെരഞ്ഞെടുക്കല് എന്നിവയാണ്. ഒരു സമരത്തിന്റെ പല സ്വഭാവങ്ങളെ അപഗ്രഥിച്ചാല് അതിലെ ബഹുവിധത്തിലുള്ള ചലനാത്മകഭാവങ്ങളെ വിലയിരുത്തി അതിന്റെ സാരാംശം സ്വീകരിച്ചാല് നമുക്ക് മൂന്നു പ്രധാനമായ കഴിവുകളെ കണ്ടെത്താം.

1. ജനങ്ങളെ സംഘടിപ്പിക്കാനുള്ള കഴിവ്
2. പ്രവര്ത്തനരീതിയിലെ ആസൂത്രണം
3. അക്രമരഹിത അച്ചടക്കം

ഈ മൂന്നു കഴിവുകളും ഒരു സിവില് പ്രതിരോധസമരത്തില് സാന്നിദ്ധ്യമുളവാക്കുമ്പോള് അത് മൂന്ന് ശക്തിയേറിയ പ്രവണതകളെ തുറന്നു കാണിക്കുന്ന ആ പ്രവണതകള് ഒരു സമരത്തിന്റെ വിജയത്തില് വളരെ അധികം പ്രഭാവം ചെലുത്തുന്നു. ആ പ്രവണതകളാണ്.

1. സിവില് പ്രതിരോധ സമരത്തില് വര്ദ്ധിച്ചുവരുന്ന സാധാരണ ജനങ്ങളുടെ പങ്കാളിത്തം
2. അടിച്ചമര്ത്തലിന്റെ പ്രഭാവം കുറഞ്ഞുവരികയും പരാജയത്തിനുള്ള സാധ്യത കൂടുകയും ചെയ്യുന്നു.
3. പ്രതിയോഗി പക്ഷത്തുനിന്നുള്ള കൂറുമാറ്റം വര്ദ്ധിക്കുന്നു.

മുകളില് പറഞ്ഞ മൂന്നു കഴിവുകളേയും മൂന്നു പ്രവണതകളേയും ഒന്നിച്ചെടുത്താല് അതിനെ ഒത്തുനോക്കല് പട്ടിക എന്നു പറയാം. നമുക്കറിയാം ഈ മൂന്നു ഘടകങ്ങളും മൂന്നു പ്രവണതകളും. അര്ത്ഥപൂര്ണ്ണമായി ഒരു സമരത്തിന്റെ വിജയ സാദ്ധ്യതയെ വര്ദ്ധിപ്പിക്കും. ഇത്തരുണത്തില് ഒത്തുനോക്കല് പട്ടിക ഒരു സമരത്തിന്റെ അനന്തര ഫലത്തെ നിര്ണ്ണയിക്കുന്ന ഒരു ഫോര്മുല അഥവാ സാങ്കേതിക തത്വമല്ല. എന്നാല് ജനങ്ങളെ സംഘടിപ്പിക്കുന്നതിനും അവരുടെ ചിന്ത വര്ദ്ധിപ്പിക്കുന്നതിനും സമരത്തിന്റെ ശക്തി വര്ദ്ധിപ്പിക്കുന്നതിനുമുള്ള ഉപഘടന, ധള്യമാല ംൃീസപ /ചട്ടക്കൂട് മാത്രമാണ്.

ഇതേലക്ഷ്യത്തില് നിന്നുകൊണ്ടു ഈ ഒത്തുനോക്കല് പട്ടികയുടെ പ്രധാനപ്പെട്ട ധര്മ്മം ഒരു സംഘര്ഷം നടന്നുകൊണ്ടിരിക്കുമ്പോള് അവിടെയുണ്ടാകുന്ന നവീകരണ പ്രക്രിയയുടെ ഇല്ലായ്മയിലേക്ക് കടന്നുകയറുകയാണ് സങ്കീര്ണ്ണതയാണ് ഏതു വലിയ സിവില് പ്രതിരോധസമരം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി. സമരത്തിന്റെ മൂടല്മഞ്ഞില് അതു തിരിച്ചറിയാന് പ്രയാസമായിത്തീരും അതുപോലെ ഏതുഘടകമാണ് ഒരു തീരുമാനമെടുക്കുന്നതില് പ്രാധാന്യമുള്ളതെന്നും അറിയാന് കഴിയില്ല. നാം പുലര്ത്തുന്ന പ്രത്യേകത ഒരു വിപ്ലവകാരി അല്ലെങ്കില് പുറത്തു നിന്നുള്ള ഒരു നിരീക്ഷകന് ആ സമരത്തിന്റെ വിജയ സാദ്ധ്യത വിലയിരുത്തുമ്പോള് ചോദിക്കുന്നത് ചെക്കുലിസ്റ്റിലുള്ള മൂന്നു കഴിവുകളുടേയും പ്രവണതകളുടേയും സാന്നിദ്ധ്യമുണ്ടോ അങ്ങനെയാണെങ്കില് ആ സമരത്തില് ഒരു ബലമായ അടിത്തറയുണ്ടെന്നു ഇപ്പോഴത്തെ അവസ്ഥ, ബലം ദൗര്ബല്യം എന്നിവ വിലയിരുത്തി വിജയ സാധ്യത തീരുമാനിക്കാം.

**ഈ ചെക്ക് ലിസ്റ്റിനെ വിശദമായി പ്രതിപാദിക്കാം.**

**1. ആളുകളെ സംഘടിപ്പിക്കാനുള്ള കഴിവ്**

സ്വേഛാധിപതികള് ആളുകളെ ഭിന്നിപ്പിച്ചു ഭരിക്കുന്നതില് വളരെ സാമര്ത്ഥ്യം കാണിക്കുന്നവരാണ്. അതേസമയം അവരെ വെല്ലുവിളിക്കാനായി ശ്രമിക്കുന്നവരെ ജനങ്ങളെ സംഘടിപ്പിക്കുന്നതില് സാമര്ത്ഥ്യം ഉള്ളവരായിരിക്കണം. ഐക്യം സൃഷ്ടിക്കുന്നതിലും അത് നിലനിര്ത്തുന്നതും ഒരു ബഹുമുഖപത്രിഭാസമാണ്. പക്ഷെ അതിലെ ഏറ്റവും പ്രാധാന്യമുള്ള വീക്ഷണം ഒരു പങ്കാളിത്തത്തോടുകൂടിയുള്ള ആകപ്പാടെയുള്ള ഒരുവീക്ഷണം സിവില് പ്രതിരോധ സമരത്തിനായി സൃഷ്ടിക്കണം. ഈ അത്യാവശ്യങ്ങള് നേടിയെടുക്കാന് ശ്രമിക്കുമ്പോള് സംഘാടകര്ക്ക് ആരെയാണോ അവര് സംഘടിപ്പിക്കാന് ശ്രമിക്കുന്നത് അവരുടെ പരാതികള് ആകാംക്ഷകള്, സംസ്കാരം പലവിധത്തിലുള്ള പൊതുജനങ്ങളുടെ മൂല്യങ്ങള് ഇവയെക്കുറിച്ച് അഗാധമായ അറിവു നേടിയിരിക്കണം. ഈ അറിവാണ് ഒരുദര്ശനം വികസിപ്പിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനുമുള്ള അടിസ്ഥാനം. ഈ ദര്ശനം വിപുലമായപിന്തുണയും ആളുകളെ സംഘടിപ്പിക്കാനുള്ള ശക്തിയും കൂട്ടും. പ്രഭാവാത്മകമായ ദര്ശനം വ്യക്തിപരമായ അനുഭവങ്ങളും സാധാരണ ജനങ്ങളുടെസംവേദങ്ങളും പൊതുവില് സമരഞ്ജസപ്പെടുകയും സംഘടിതമായ പ്രതിരോധത്തിനു ആളുകളെ കൂട്ടാനും സാധിക്കും.

മറ്റൊരു നിരൂപണപ്രദമായ ഐക്യം സൃഷ്ടിക്കാനുള്ള വീക്ഷണം ഒരു നല്ല നേതാവിന്റെ സാന്നിദ്ധ്യവും നിയമാനുസരമായി ഉള്ള ഒരു സംഘടനയുടെ ഘടനയുമാണ്. ഒരു സമരത്തില് പങ്കെടുക്കുന്നത് സ്വമേധയായുള്ള തീരുമാനമനുസരിച്ചാകണം. സംഘടിപ്പിക്കുന്ന ജനങ്ങളുടെ മേല് ഒരുനേതാവിനു ഔപചാരികമായി ആജ്ഞാപിക്കാനോ നിയന്ത്രിക്കാനോ അധികാരമില്ല. ഇതിന്റെ അര്ത്ഥം ആ സംഘടനയിലെടുക്കുന്ന തീരുമാനങ്ങള് ഏതുജനങ്ങളെയാണോ സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് അവര് നിയമപരമെന്ന് അനുഭവപ്പെട്ടതുമായ തീരുമാനങ്ങളെ നടപ്പിലാക്കണം. ഓരോസമരത്തിനും അതിന്റേതായ പ്രവര്ത്തനമാര്ഗ്ഗമുണ്ട്. ചിലതില് അധികാരശ്രേണി അനുസരിച്ചും, ചിലതു വികേന്ദ്രീകൃതമായും മറ്റുചിലവയില് ഇതുരണ്ടിന്റേയും കൂടിച്ചേര്ന്ന രൂപവും ഒരു സമരത്തിന്റെ കൃത്യമായ നേതൃത്വവും സംഘടനാക്രമവും പരിഗണിക്കാതെ പലതരത്തിലുള്ള നേതൃത്വം എല്ലാസമരങ്ങളിലും കാണാം പക്ഷെ അവരെ കൂട്ടിയിണക്കുന്നതില് ഐക്യം ഉണ്ടായിരിക്കണം. ഓരേ ദേശീയ സ്ഥാനപ്പേരുമാത്രമുള്ള നേതാവോ വ്യക്തി പ്രഭാവമുള്ള നേതാവോ കൂടാതെ അനേകം പ്രാദേശികനേതാക്കന്മാര് ഉണ്ടാകും. അവര് ഉയര്ന്ന നിപുണതയുള്ളവരായിരിക്കും എങ്കില് മാത്രമേ സഖ്യങ്ങള് ഉണ്ടാക്കുന്നതിലും മദ്ധ്യസ്ഥചര്ച്ചകളില് പങ്കെടുക്കുന്നതിലും പലരുടേയും വ്യത്യസ്ഥ താത്പര്യങ്ങള് സമാഹരിക്കുന്നതിലും സംഘടനാ പാടവമുണ്ടാകൂ.

വ്യത്യസ്ഥനായ നേതാക്കന്മാര്, വ്യത്യസ്ഥ മാനങ്ങളില്പെട്ടവ (പ്രാദേശികം ദേശീയം) വ്യത്യസ്ഥരാജ്യങ്ങളില്പ്പെട്ടവര്. എന്നിവരെ ഏകോപിപ്പിച്ചു ഒന്നിച്ചു പ്രവര്ത്തിക്കാനും ആ ഐക്യം ദീര്ഘകാലത്തേക്ക് സംരക്ഷിക്കാനും നേതാക്കള്ക്ക് കഴിവുണ്ടായിരിക്കണം.

ഇതിന്റെ പ്രകടമായ തെളിവ് സിവില് പ്രതിരോധ സമരങ്ങളില് കാണാം ഉദാഹരണമായി 1980കളില് തെക്കേ ആഫ്രിക്കയില് നടന്ന അപ്പാര്തൈഡിനെതിരായ സമരം ഈ സമരത്തില് നൂറുകണക്കിനുപ്രാദേശിക നേതാക്കള് ഉയര്ന്നു വന്നു അവര് ശുദ്ധമായ കുടിവെള്ളം, സേവന ലഭ്യത എന്നിവയ്ക്ക് വേണ്ടി മുന്സിപ്പാലിറ്റികള്ക്കെതിരായി സമരം തുടങ്ങി. പക്ഷെ അവര്ക്ക് പൊതുവായ ഒരു വീക്ഷണമുണ്ടായിരുന്ന വര്ണ്ണവിവേചനം അവസാനിപ്പിക്കണം അതിനു ദേശീയ ഒത്തുതീര്പ്പുണ്ടാകണം. ഈ പൗരസമൂഹം പിന്നീട് യുണൈറ്റഡ് ഡയോക്രാറ്റിക് ഫ്രണ്ടിന്റെ ഭാഗമാവുകയും, അവയ്ക്ക് പ്രാദേശിക നേതാക്കന്മാരുണ്ടായിരുന്നു. അവര് കഴിവുള്ളവരും വികേന്ദ്രീകൃതമായ തന്ത്രങ്ങള് (ഉപഭോഗവസ്തുക്കളുടെ ബഹിഷ്കരണം) പ്രാദേശിക പ്രശ്നങ്ങളില് പ്രയോഗിച്ചും അതേസമയം സമാന്തരമായി വലിയ സംഘടകളുമായി ആശയ വിനിമയം നടത്തിയും ദേശീയ നേതൃത്വമായി ബന്ധപ്പെട്ടും സമരങ്ങള് നയിച്ചു.

## 2. പ്രവര്ത്തന ക്ഷമമായ ആസൂത്രണം

സാധാരണ ധരിച്ചുവച്ചിരിക്കുന്നതിനേക്കാള് സങ്കീര്ണ്ണമാണ് ഒരു ശക്തി ആര്ജ്ജിച്ച സിവില് പ്രതിരോധസമരം നടത്തുന്നത്. ജനം സിവില് പ്രതിരോധസമരത്തെക്കുറിച്ചു ചിന്തിക്കുമ്പോള് ആദ്യമായി വരുന്ന പ്രതിച്ഛായ പ്രതിഷേധമാണ്. എന്നാല് അത് അക്ഷരാര്ത്ഥത്തില് നൂറുകണക്കിനു സുലഭമായ തന്ത്രങ്ങളില് ഒന്നുമാത്രമാണ്. ഏറ്റവും പ്രഭാവാത്മകമായ സമരങ്ങളില് നിന്നും മനസ്സിലാക്കുന്നത് ഏതുതന്ത്രം തെരഞ്ഞെടുക്കണം എപ്പോള്, എവിടെ, എങ്ങനെ, ആരാല് എങ്ങനെ നിറവേറ്റണം എവിടെ അത് ലക്ഷ്യപ്പെടുത്തണം. എങ്ങനെയുള്ള തന്ത്രങ്ങളാണ് അനുക്രമമായി പിന്തുടരേണ്ടത്.

ഈ ചോദ്യങ്ങള്ക്ക് പര്യാപ്തമായ ഉത്തരം നല്കണമെങ്കില് ഒരു ആസൂത്രണം വേണം. ഈ ആസൂത്രണത്തില് വിശദമായ എതിര്കക്ഷിയുടെ ബലം, ദൗര്ബല്യങ്ങള്, അവസരങ്ങള്, ഭീഷണികള്, അതിനുപരി സംഘര്ഷത്തിന്റെ പരിസ്ഥിതികള്, നിക്ഷ്പക്ഷരാരൊക്കെയാണ്. ബന്ധമില്ലാത്ത കക്ഷികളാരൊക്കെയാണ് (അന്താരാഷ്ട്രീയ സമൂഹത്തില്പ്പെട്ടവരുള്പ്പെടെ) ആരൊക്കെയാണ് ഈ സമരത്തിനെ സ്വാധീനിക്കാന് സാധിക്കുന്നത്. ഇതിന്റെ പഠനമുണ്ടാക്കണം. ഈ അറിവുകളുടെ അടിസ്ഥാനത്തില് ശക്തിമത്തായ ഹ്രസ്വകാല, മദ്ധ്യകാല, ദീര്ഘകാല ലക്ഷ്യങ്ങള് രൂപപ്പെടുത്താനും അതിനനുസരിച്ച് പ്രാവര്ത്തികമായ ആസൂത്രണം നടത്താനും സാധിക്കും. ഈ ആസൂത്രണങ്ങള് സമയത്തിനുള്ളില് ഉരുത്തിരിഞ്ഞുവരുന്നത് സംഭവങ്ങള് നടക്കുന്നതനുസരിച്ചാണ്. (എല്ലാ ആസൂത്രണങ്ങളും അതുപോലെയാണ്.) ആസൂത്രണത്തിന്റെ നടപടിക്രമവും മനസ്സുറപ്പിക്കലും ഒരു സമരത്തില് പങ്കെടുക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം ആ പദ്ധതിയുടെ വികാസം ആ പദ്ധതിയെക്കാള് പ്രാധാന്യമുള്ളതാണ്.

സന്ദര്ഭവശാല് ഒരു പ്രവര്ത്തനക്ഷമമായ ആസൂത്രണത്തിലാണ് ഒരു സമരത്തിലെ ബുദ്ധി അവസ്ഥകള് എന്നിവയെ സംബന്ധിച്ച ഒരു വ്യക്തമായ പരിച്ഛേദം നമുക്ക് കാണാന് സാധിക്കുന്നത്. ഒരു സമരം അഭിമുഖീകരിക്കുന്ന അനുകൂലവും പ്രതികൂലവുമായ അവസ്ഥകളുടെ ഒരുവിലയിരുത്തലാണ് പ്രവര്ത്തനക്ഷമമായ ഒരു ആസൂത്രണത്തിന്റെ അടിസ്ഥാനം അപ്പോള് ആസൂത്രണത്തിന്റെ സഹായത്താല് അനുകൂലമായ സാഹചര്യങ്ങളെ ചൂഷണം ചെയ്യാനും പ്രതികൂലമായ സാഹചര്യങ്ങളെ വലയം ചെയ്യാനും അതിജീവിക്കാനും സാധിക്കുന്നതു ബുദ്ധി പരമായ തെരഞ്ഞെടുക്കലില് കൂടിയാണ്.

പ്രവര്ത്തകന് ആസൂത്രണത്തിന്റെ ഒരു നല്ല ഉദാഹരണം കാണാന് സാധിക്കുന്നത് പോളണ്ടില് 1980ല് നടന്ന സോളിഡാരിറ്റ് സമരത്തിലാണ്. എതിരാളികളുടെ ശക്തി, കഴിവു ഇവ മനസ്സിലാക്കി തൊഴിലാളികള് ശക്തിയുള്ളതും രാഷ്ട്രീയമായി യാഥാര്ത്ഥ്യമുള്ളതുമായ ഒരു ആവശ്യം, സ്വതന്ത്രട്രേഡ് യൂണിയന് - മുന്നോട്ടുവച്ചു. പക്ഷേ അന്നു അവര് സ്വയം നിയന്ത്രിച്ചു ഒരുപക്ഷേ നേടാന് സാധിക്കാത്ത ലക്ഷ്യം. അതായത് കമ്മ്യൂണിസ്റ്റ് ഭരണം അവസാനിക്കണമെന്ന മുന്നോട്ടു വച്ചില്ല. തൊഴിലാളികള് അവരുടെ ശക്തികേന്ദ്രീകരിച്ച് എതിരാളികളും സാമ്പത്തിക ദൗര്ബല്യങ്ങളും നിയമസാധ്യതയില്ലായ്മയും മുതലെടുത്തു. വിവിധ മേഖലകളിലുള്ള തൊഴിലാളികളെ സംഘടിപ്പിച്ചു ആദര്ശഐക്യമുണ്ടാക്കി പണിമുടക്കിലേര്പ്പെട്ടു. തൊഴില് സ്ഥലത്തുകയറി (നേരത്തേയുള്ള പണിമുടക്കുകളില് അവര് തൊഴില് സ്ഥലങ്ങളുടെ പുറത്തു പ്രകടനം നടത്തി പ്രതിഷേധിച്ചത് അടിച്ചമര്ത്തലിനുള്ള ദൗര്ബല്യമാണെന്നു മനസ്സിലാക്കി) സമരം ചെയ്തു. ഇത് കുറേകൂടി ശക്തിയായത് സമാന്തരസ്ഥാപനങ്ങള് തുറന്ന് പ്രവര്ത്തിച്ചുകൊണ്ടാണ്. പ്രത്യേകമായി അച്ചടിശാലകള് സ്ഥാപിച്ചു. സ്വതന്ത്ര മാഗസീനുകള് പ്രസിദ്ധീകരിച്ചു. ഇത് നേരത്തേ ആരംഭിച്ചത് പലപട്ടണങ്ങളുമായി ആശയവിനിമയം നടത്താനുള്ള ഉപാധിയായിട്ടാണ്. തന്ത്രപ്രധാനമായ ഒരു ലക്ഷ്യം തെരഞ്ഞെടുത്തത്, ഒരു യോജിച്ച ലക്ഷ്യം സ്വീകരിച്ചു അതിന് യോജിച്ച തന്ത്രപ്രധാനമായ സമരരീതികളും തെരഞ്ഞെടുത്തു. (അതായത് തൊഴിലെടുത്തുകൊണ്ട് സമാന്തരസ്ഥാപനങ്ങള് പടുത്തുയര്ത്തിയും) അത് അവരുടെ കഴിവിനുള്ളിലുള്ള പ്രവര്#ത്തനമായിരുന്നു. ഈ സോളിഡാരിറ്റി പ്രസ്ഥാനം പ്രഭാവാത്മകമായ രീതിയില് മുന്നോട്ടുപോയി സമരപൂര്ണ്ണമായ പ്രതികൂല

പരിതസ്ഥിതികളെ അതിജീവിച്ചു അങ്ങനെ അവരുടെ പ്രധാനമായ ലക്ഷ്യം ഒരു ജനാധിപത്യപോളീഷ് സ്റ്റേറ്റ് അതു 1989 ല് നേടിയെടുത്തു.

## 3. അക്രമരഹിത അച്ചടക്കം

അക്രമരഹിത അച്ചടക്കം പ്രതിരോധിക്കുന്നതില് നിന്നും എന്തെല്ലാം പ്രകോപനങ്ങള് ഉണ്ടായാലും സംരക്ഷിക്കുകയാണ് അത്യാവശ്യം. സിവില് പ്രതിരോധ സമരത്തിന്റെ പ്രവര്ത്തനം സംബന്ധിച്ച വീര്യവത്തായ സ്വഭാവം. അക്രമരഹിത സമര പങ്കാളികളുടെ എണ്ണത്തില് വളരെ വര്ദ്ധനവു കാണിക്കുന്നു. അതുകൊണ്ട് എതിരാളിക്കു സമരത്തെ നേരിടാനുള്ള ചെലവ് വര്ദ്ധിക്കും അതിനുപരി അടിച്ചമര്ത്തല് പരായത്തിലെത്തിച്ചേരുമെന്ന ആശവര്ദ്ധിക്കും എതിരാളിയുടെ പ്രധാനപ്പെട്ട പിന്തുണയ്ക്കുന്ന സ്തംഭങ്ങളില് നിന്നും കൂറുമാറ്റവും വര്ദ്ധിക്കും. ചെനോവത്തും സ്റ്റീഫന്സും അവരുടെ ഗവേഷണങ്ങളില് കാണിക്കുന്നത് ഇത് അക്രമരഹിതസമരങ്ങളും തമ്മിലുള്ള വിജയത്തിന്റെ നിരക്ക് വലിയ വ്യത്യാസം കാണിക്കും.

ആക്രമരഹിത അച്ചടക്കത്തിനു ആവശ്യമായത് സമരത്തില് പങ്കെടുക്കുന്നവര്ക്ക് പൂര്ണ്ണവിശ്വാസമുണ്ടാകണം അക്രമരഹിതസമരം മാത്രമാണ്. അവരുടെ സംഘര്ഷത്തെ മുന്നോട്ടുനയിക്കാനുള്ള എകമാര്ഗ്ഗം എങ്ങനെ അക്രമരഹിത സമരം പ്രവര്ത്തനക്ഷമമാക്കും ഇതിന്റെ ചരിത്രപരമായ രേഖകള് എന്തെല്ലാം ഇത് സംബന്ധിച്ച പൂര്ണ്ണ അറിവുണ്ടായിരിക്കണം. ശക്തിയുള്ള തന്ത്രങ്ങള് പ്രയോഗിച്ചു വര്ദ്ധിച്ചു വരുന്ന രീതിയില് സമയബന്ധിതമായി വിജയങ്ങള് നേടുന്നത് കാണിച്ചുകൊടുത്താല്. സിവില് പ്രതിരോധ സമരം പ്രവര്ത്തനക്ഷമമാണെന്നു കാണാം. അക്രമരഹിത സമരം ഒരു അക്രമരഹിത അച്ചടക്കം സംരക്ഷിക്കുന്നതിന് ഒരു സംസ്കാരം പടുത്തുയര്ത്തുകയും പ്രയോഗത്തില് വരുത്താന് ചില നിയമങ്ങള് ക്രോഡീകരിക്കുകയും ചെയ്യണം ഉദാഹരണമായി സെര്ബിയായിലെ ഏകാധിപതിയെ സ്ലോബോഡല് മിലോസെവിക്കിനെ പുറത്താക്കാന് നടത്തിയ ഓട്ട്പോര് സമരത്തില് ക്രമാനുഗതമായി പുതിയ അംഗങ്ങളെ പരിശീലിപ്പിക്കുകയും അതു എങ്ങനെ പ്രവര്ത്തനക്ഷമമാണെന്ന് മനസ്സിലാക്കുകയും എന്തുകൊണ്ട് അക്രമരഹിതമായിതന്നെ സമരം തുടരുന്നത് പ്രാധാന്യമുള്ളതാണെന്നും മനസ്സിലാക്കാന് ഉപകരിച്ചു.

## 4. സിവില് പ്രതിരോധ സമരത്തില് വര്ദ്ധിച്ചുവരുന്ന സാധാരണ പൌരന്മാരുടെ പങ്കാളിത്തം

സാധാരണ പൌരന്മാരുടെ ഉയര്ന്ന നിലവാരത്തിലുള്ള പങ്കാളിത്തമാണ് ഒരു സിവില് പ്രതിരോധ സമരത്തില് ദൃഷ്ടാന്തമായ ഒരേ ഒരു വിപുലമായ സമരത്തിന്റെ വിജയത്തെ പ്രവചിക്കാന് സാധിക്കുന്ന ഘടകം ഇതില് അര്ത്ഥമുണ്ട് കാരണം കൂടുതല് ആളുകള് ഒരു സ്വേച്ഛാധിപത്യ സരക്കാരിന്റെ പിന്തുണയും അനുസരണയും പിന്വലിക്കുമ്പോള് ആ സര്ക്കാര് അത്രത്തോളം ദുര്ബലമായിത്തീരുകയും അവരെ നിയന്ത്രണത്തില് കൊണ്ടുവരാന് ശ്രമിക്കുന്നതിന്റെ ചെലവ് വര്ദ്ധിച്ചു വരികയും ചെയ്യും, അതിനുപരി നാം വിശ്വസിക്കുന്ന വര്ദ്ധിച്ചു വരുന്ന സാധാരണ ജനങ്ങളുടെ പങ്കാളിത്തം അടിച്ചമര്ത്തലിനുള്ള ശ്രമത്തെ പരാജയപ്പെടുത്തും അതിന് ഉപോല്ബലകമായ പരമാണപരമായ തെളിവുകള് നല്കാം. അതായത് സാധാരണ ജനങ്ങളുടെ പങ്കാളിത്തം ഒരു അക്രമരഹിത സമരത്തിനുണ്ടാകുമ്പോള് എതിരാളിയെ പിന്തുണയ്ക്കുന്ന ആളുകളില് നിന്നും കൂറുമാറ്റത്തിനുള്ള സാദ്ധ്യതയും വര്ദ്ധിക്കും.

സാധാരണ പൌരന്മാരുടെ ഉയര്ന്ന നിലവാരത്തില് അക്രമരഹിത സമരത്തിലെ പങ്കാളിത്തത്തിനുദാഹരണമാണ് 2011 ല് ഈജിപ്തിലും ട്യൂണീഷ്യയിലും നടന്ന വിപ്ലവങ്ങള്. ഈ സമരങ്ങളില് പൊതുജനപങ്കാളിത്തം ഊര്ജ്ജ സ്വലമാക്കിയതിന്റെ ഫലമായി ഒരു വിപുലമായ പിന്തുണ രാജ്യത്തിലുടനീളം വ്യത്യസ്ഥ ഭൂമിശാസ്ത്രമേഖലയില് താമസിക്കുന്നവര് പുരുഷന്മാര് സ്ത്രീകള് മതവിശ്വാസികള് മതേതരസമൂഹത്തില്പ്പെട്ടവര്, ചെറുപ്പക്കാര് മദ്ധ്യവയസ്കര് പ്രായം ചെന്ന ആളുകള് താഴ്ന്ന ശ്രേണിയിലും ഉയര്ന്നശ്രേണിയിലുമുള്ള തൊഴിലാളികള് പട്ടണവാസികള്

ഗ്രാമീണര് എന്നിവരുടെയെല്ലാം പിന്തുണ ലഭിക്കാന് സഹായകരമായി. ഇതിനു വിപരീതമായി 1989 ല് ചൈനയിലെ വിദ്യാര്ത്ഥിസമരവും 2009 ഗ്രീന് സമരവും ലക്ഷക്കണക്കിനു ആളുകളെ സംഘടിപ്പിച്ചാണ് ആരംഭിച്ചത് അതു പത്രങ്ങളില് ലക്ഷ്യം പൂര്ണ്ണമായോ ഭാഗീകമായോ നേടാന് കഴിഞ്ഞില്ല. അതിന്റെ കാരണം രണ്ടുസമരങ്ങളും ആരംഭത്തിലുള്ള പൊതുജനപങ്കാളിത്തമുണ്ടെങ്കിലും ആദ്യത്തെ ഭൂമിശാസ്ത്രപരമായ അടിത്തറവിട്ടു വ്യാപിക്കാന് കഴിഞ്ഞില്ല.

ചെക്ക് ലിസ്റ്റില് കാണിച്ചിരിക്കുന്ന മൂന്നു ഇനങ്ങളില് പ്രാധാന്യമുള്ളതാണ് ഉയര്ന്ന നിലവാരത്തിലുള്ള പൊതുജനപങ്കാളിത്തം ഒരു അക്രമരഹിത സമരത്തിന് എല്ലാരേയും ഏകീകരിക്കുന്ന ഒരു ദര്ശനവും തദ്വാരാ പരസ്പരാശ്രയത്വവും ആളുകളെ കൂടെക്കൂട്ടുന്നതിനുള്ള ഊര്ജ്ജസ്വലതയും കിട്ടും പ്രവര്ത്തക്ഷമമായ ആസൂത്രണം ജനങ്ങളില് വിശ്വാസം ഉറപ്പിക്കാനും ഒരു ശ്രേണി തന്ത്രങ്ങള് വിവിധ ആളുകളുടെ വൈവിധ്യമാര്ന്ന അപകടസാദ്ധ്യതയെ ക്കുറിച്ചുള്ള ക്ഷമത കിട്ടുന്ന സമയം സമരത്തിനു വേണ്ടി ബലിയര്പ്പിക്കാനുള്ള സന്നദ്ധത ഇവ ലഭ്യമാകും. ഒരു പ്രഭാവമുള്ള സമരതന്ത്രപ്രധാനമായ നീക്കം പാവപ്പെട്ടവനും പണക്കാരനും ചെറുപ്പക്കാരനും പ്രായം ചെന്നയാളിനും ഓരോരുത്തര്ക്കും തരുന്നത് ആ സമരത്തെ പിന്തുണയ്ക്കാന് ചെറുതായിട്ടോ അഥവാ വലിയരീതിയിലോ എന്തെങ്കിലും ചെയ്യാനുള്ള അവസരമുണ്ടാകും അക്രമരഹിത അച്ചടക്കം എല്ലാവര്ക്കും അതില് പങ്കെടുക്കാനുള്ള ഉറപ്പുതരുന്നു (ഇതിനെതിരായി പൂര്ണ്ണ ആരോഗ്യവാനു മാത്രമാണ് സായുധ പ്രതിരോധം) അക്രമരഹിത സമരത്തിന്റെ മാര്ഗ്ഗങ്ങള് ഒരു വിപുലമായ സമൂഹത്തിനെ ആകര്ഷിക്കാന് സാധിക്കും

**<u>5. അടിച്ചമര്ത്തലിന്റെ കുറഞ്ഞു വരുന്ന സ്വാധീനവും വര്ദ്ധിച്ചു വരുന്ന പരാജയ ഭീതിയും</u>**

സ്വേച്ഛാധിപതികളുടെ ഏറ്റവും ശക്തിയുള്ള ഉപകരണം അടിച്ചമര്ത്താനുള്ള കഴിവാണ്, അതുപോലെ ഒരു പ്രഭാവാത്മകമായ സമരങ്ങളെല്ലാം പഠിക്കണം എങ്ങനെ അടിച്ച മര്ത്തിലിന്റെ സ്വാധീനം എങ്ങനെകുറയ്ക്കാം അതേ സമയം എതിരാളിയുടെ ചെലവ് വര്ദ്ധിപ്പിക്കാനും സാധിക്കും. അതിനും അവര്ചെയ്യുന്ന ഒരേ ഒരു മാര്ഗ്ഗം കൃത്യമായ അപകടസാദ്ധ്യതയിയൂടെയും തന്ത്രപരമായ തീരുമാനത്തിലൂടെയും ആയിരിക്കും നയതന്ത്രം തെരഞ്ഞെടുക്കേണ്ട ആവശ്യം എല്ലാതന്ത്രങ്ങളും തുല്യഭാവത്തിലുള്ളതല്ല. കേന്ദ്രീകൃതമായ അക്രമരഹിത സമരതന്ത്രങ്ങള് മര്ദ്ദനമുറകളെ നേരിടാനുള്ള സാഹചര്യം വളരെ കൂടുതലാണ് അതേ സമയം വികേന്ദ്രീകൃതസമരരീതി. ഉപഭോഗവസ്തുക്കളുടെ ബഹിഷ്കരണം അഭിനയിച്ചു വീട്ടിലിരിക്കുക. പൊതുസ്ഥലങ്ങളില് പേരുവയക്കാത്ത ചെറിയ പോസ്റ്ററുകള് പൊതുനിരത്തില് പ്രദര്ശിപ്പിക്കുക ഇതൊക്കെ അടിച്ചമര്ത്തല് ഭരണകൂടത്തിനു ഒരു വലിയ വെല്ലുവിളിതന്നെയാണ്. ഇതപ്രകാരമാണ് എന്തുകൊണ്ടെന്നാല് ചിലബഹിഷ്കരണങ്ങളില് പങ്കാളിയായവരെ വ്യക്തമായി അറിയാന് സാധിക്കില്ല (നിങ്ങള്ക്ക് ഒരാളെ നോക്കി അയാള് ഒരുപ്രത്യേകസാധനം ബഹിഷ്കരിച്ചോ ഇല്ലയോ എന്നു പറയാന് സാധിക്കില്ല ബഹിഷ്കരണത്തില് പങ്കെടുക്കുന്നവര് വ്യാപിച്ചുകിടക്കുകയാണ്. വീട്ടില് ഇരുന്നാല് പോലീസിനു വീടുകള് തോറും കയറിതുടങ്ങി പങ്കെടുത്ത ആളുകളെ തിരിച്ചറിയാന് പ്രയാസമാണ്. രോഗിയായി നടിച്ചിരിക്കുന്നയാളിനു അയാള് യാഥാര്ത്ഥത്തില് രോഗിയാണെന്നു പറയാം

1983 ചിലിയിലെ രാഷ്ട്രീയ വിമതര് അഗസ്റ്റോപിനാഷേയുടെ ഏകാധിപത്യത്തി നെതിരായി സമരം ചെയുന്നു അടിച്ചമര്ത്തലിനെ ഉപായം കൊണ്ടുനേരിടന് ശ്രമിച്ചു ഒരു ദശകം നീണ്ടുനിന്ന അറസ്റ്റു പീഡനം നരഹത്യ ആളുകളെ കാണാതായത് എന്നിവ ആളുകളെ ഭയചകിതരാക്കി ആളുകള് സംഘടിക്കാനും ഒത്തുചേരാനും ഭയന്നു. ഏപ്രില് മാസത്തില് സാന്റിയാഗോ ചെമ്പ് ഖനിയില് തൊഴിലാളികള് ഒരു പണിമുടക്ക് പ്രഖ്യാപിച്ചു. പിനേഷേ അവരെ ഭീക്ഷണിപ്പെടുത്തി സമരം അടിച്ചമര്ത്താന് സൈന്യത്തെ അയച്ചു പട്ടാളം ഖനിവളഞ്ഞു രക്തച്ചൊരിച്ചില് ഭയന്ന് സമരം ആരംഭിക്കാന് നിശ്ചയിച്ചതിനു മുമ്പേ സമരം പിന്വലിച്ചു. തൊഴിലാളി നേതാക്കള് അതിനുപകരമായി ഒരു ദിവസം ദേശിയ പ്രതിഷേധദിനമായി ആചരിച്ചു അന്നു ഭരണത്തെ

എതിര്ക്കുമ്പോള് വളരെ സാവധാനത്തില് ജോലിചെയ്യും സാവധാനത്തില് നടക്കും സാവധാനത്തില് വാഹനങ്ങള് ഓടിക്കും രാത്രി 8 മണിക്ക് പാത്രങ്ങളും മറ്റും കൊട്ടി ബഹളമുണ്ടാക്കി ഇതിന്റെ ഫലമായി ഒരു ആത്ഭുതപൂര്വ്വമായ വിപുലമായ പങ്കാളിത്തം ഈ പ്രവൃത്തികളിലുണ്ടായി ഇങ്ങനെ സമരം ഒരു മാസം നീണ്ടു നിന്നു. ഇതായിരുന്നു ആദ്യത്തെ ഏറ്റവും വലിയ ചുവട് അതിന്റെ ഫലമായി ഭയത്തിന്റെ തലങ്ങളെ ഭേദിക്കാനും. ജനസൂമഹത്തെ വിഘടിപ്പിക്കലുമായിരുന്നു. പീനാഷേയുടെ ഭരണത്തിന്റെ അടിത്തറ. ഈ സമരമാര്ഗ്ഗങ്ങളില് പങ്കെടുക്കുന്നവര്ക്ക്. അനുവദനീയമായ രീതിയിലുള്ള സമരങ്ങളില് പങ്കെടുക്കുന്നവര്ക്ക് അനുവദനീയമായ രീതിയിലുള്ള വളരെ താഴ്ന്ന അപകട സാദ്ധ്യതമാത്രമായിരുന്നു സമരത്തെ അടിച്ചമര്ത്താന് സാധിക്കാതെ വന്നു. പിനാഷേയുടെ സെക്യൂരിറ്റി സൈന്യത്തിനു വിപുലമായ വികേന്ദ്രീകൃതമായ സമരത്തിനു ഒരു ഉത്തരവുമില്ലായിരുന്നു.

അടിച്ചമര്ത്തലിന്റെ പ്രഭാവം കുറയ്ക്കാനുള്ള മറ്റൊരു വീക്ഷണം അഥവാ സമരത്തെ നേരിടാനുള്ള ചെലവ് വര്ദ്ധിപ്പിക്കുക, പരാജയപ്പെടാനുള്ള സാദ്ധ്യതവര്ദ്ധിപ്പിക്കുക, പരാതികള് രാഷ്ട്രീയ ശൈലിയില് പ്രകടിപ്പിക്കുക. പ്രകടനക്കാര് ശുദ്ധജലം വേണമെന്ന് ആവശ്യപ്പെടുക, പരിസരം സംരക്ഷിക്കുക, (ഭരണം വീഴണമെന്നല്ല ആഗ്രഹിക്കുന്നത്) നേതൃത്വത്തിന്റെ പിന്തുടര്ച്ച സമരക്കാരും മറ്റു ദേശീയ ഗ്രൂപ്പും അന്തര്ദേശീയ സമൂഹവും തമ്മിലുള്ള സാമൂഹ്യമായ അകല്ച്ച ഇല്ലാതാക്കുക. ഇതിന്റെയൊക്കെ ഫലമായി സമരത്തിനെതിരായ അടിച്ചമര്ത്തല് പരാജയപ്പെടാന് സാധിക്കും ഉദാഹരണമായി 2010 ല് ഈജിപ്തിലെ ഒരു ബ്ലോഗര് ഖലീദ് സയ്ദ് അഴിമതി വെളിച്ചത്തു കൊണ്ടുവന്നതിന്റെ പ്രതീകമായി അദ്ദേഹത്തെ ഒരു ഇന്റര്നെറ്റ് കഫേയില് നിന്നും വലിച്ചു പുറത്തിട്ടു അടിച്ചുകൊന്നു. വിമതരുടെ ഫേയ്സ്ബുക്കില് ഇപ്രകാരം കുറിച്ചു ഞങ്ങളെല്ലാം ഖലീദ് സെയ്ദ് ആണ്. അതിനെ എതിര്ക്കാന് ഈജിപ്ത് സര്ക്കാര് നടത്തിയ ശ്രമങ്ങള് വിഫലമായി. അവരുടെ സാന്നിദ്ധ്യം മൂലം അവര് ഇത് വ്യക്തമാക്കി അതായത് സയ്ദിനുണ്ടായ വികാരം പൊതുവായി ഓരോ ഈജിപ്ത് കാരനുമുണ്ടെന്നും അങ്ങനെ അടിച്ചമര്ത്തല് പരാജയപ്പെട്ടു.

## 6. സമരത്തിലെ പ്രതിയോഗിയുടെ പക്ഷത്തുനിന്നുള്ള കൂറുമാറ്റം വര്ദ്ധിക്കുന്നു

ഒരു സിവില് പ്രതിരോധസമരം സമയം കഴിയുന്നതോടുകൂടി വിശ്വസ്തതയ്ക്ക് മാറ്റം സംഭിവിക്കുകയും എതിരാളികളെ സജീവമായും നിഷ്ക്യയമായും പിന്തുണയ്ക്കുന്ന ആളുകളുടെ ഇടയില് കൂറുമാറ്റം സംഭവിക്കും ഉദാഹരണമായി പുരോഗമനവാദികളും സര്ക്കാരിനെ പൂര്ണ്ണമായി പിന്തുണയ്ക്കുന്നവരുടെ ഇടയില് അഭിപ്രായവ്യത്യാസം ഉണ്ടാവുകയും അവര് നിയന്ത്രണം ആവശ്യപ്പെടുകയും ചെയ്യും., സാമ്പത്തികതാത്പര്യത്തെ അടിസ്ഥാനമാക്കി സമരക്കാരുടെ ഡിമാന്റുകള് അംഗീകരിക്കാന് സമ്മര്ദ്ദം ചെലുത്തും അവര്ക്ക് ബിസിനസ്സ് പൂര്വ്വ സ്ഥിതിയില് കൊണ്ടുവരാന് ശ്രമിക്കും. ഭരണകാര്യങ്ങള് നിര്ഹിക്കുന്ന ഉദ്യോഗസ്ഥര് പട്ടാളക്കാര് പോലീസുകാര് തുടങ്ങിയ ആളുകളും കൂറുമാറ്റം തുടരും അതിന്റെ കാരണം ഒന്നുകില് സമരക്കാരുടെ ആവശ്യങ്ങളാല് പ്രേരിപ്പിക്കപ്പെടും, അഥവാ സമരം കൊണ്ട് പൊറുതിമുട്ടി അതും അല്ലെങ്കില് അവരുടെ കുടുംബത്തിലെ അംഗങ്ങള് സുഹൃത്തുക്കള് എന്നിവരാണ് സമരത്തില് പങ്കെടുക്കുന്നത്. വരേണ്യവര്ഗ്ഗം തന്നെ സമരത്തെ അനുകൂലിക്കുന്നവര് ആയിരിക്കും. ഭരണാധികാരികള് വരെ സംശയിക്കും സമരം തുടര്ന്നു കൊണ്ടുപോകാന് പ്രയാസമാകും എന്ന്. അല്ലെങ്കില് അവര് നിഷ്പക്ഷരാകും അതും അല്ലെങ്കില് സമരം വിജയിക്കുകയാണെങ്കില് അവരെ ചരിത്രത്തിന്റെ തെറ്റായ ദിശയില് രേഖപ്പെടുത്തും എന്ന അപകട സാധ്യത ഒഴിവാക്കാന് ശ്രമിക്കും.

2004 ല് ഉക്രയിനില് നടന്ന ഓറഞ്ച് വിപ്ലവത്തില് വിമതര് സെക്യൂരിറ്റി സൈന്യവുമായി ഒരു പ്രത്യേക കരുതലോടെ ആശയവിനിമയം നടത്താന് റിട്ടയര് ചെയ്ത് മിലിട്ടറി ഉദ്യോഗസ്ഥന്മാരെ മദ്ധ്യസ്ഥരാക്കി. അതേ സമയം എതിരാളികള്ക്ക് അവരുടെ പ്രവര്ത്തനം കൊണ്ട് തെളിയിക്കാന് സാധിച്ചു. അവര് അക്രമരഹിതരാണന്ന്, യുക്തി സഹജമായി ചിന്തിക്കുന്നവരാണ് അവര് പൊതുമുതല് സംരക്ഷിക്കാന് സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ സഹായം തേടി. സഹോദരബുദ്ധ്യാ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാരുമായി ബന്ധം സ്ഥാപിച്ചു അവര്ക്ക് അനുകൂലമായി മുദ്രാവാക്യം വിളിച്ചു. പോലിസ് ഉദ്യോഗസ്ഥന്മാരെ റോസപുഷ്പം നല്കി സ്വീകരിച്ചു നിലവിലിരിക്കുന്ന

ഭരണാധികാരി കളുടെ അഴിമതി വെളിച്ചത്താക്കി. അവസാനം സെക്യൂരിറ്റി പോലീസില് നിന്നും കൂറുമാറ്റവും വര്ദ്ധിച്ചു അടിച്ച മര്ത്തലിന്റെ സമയമായപ്പോള് ഉക്രയിനിലെ പട്ടാളാക്കാരും. പോലീസുകാരും നിഷ്ക്രീയരായി ഇതേ അനുഭവം തന്നെ സെര്ബിയായില് മിലോസെമിക്കിനെതിരായി നടന്നത്. പരസ്യ മായി കൂറുമാറ്റം കാണിക്കാതെ സെക്യൂരിറ്റി സൈന്യം കേവലതാല്പ്പര്യത്തോടുകൂടി ഭരണകര്ത്താക്കളുടെ ആജ്ഞ നിറവേറ്റാതെയിരുന്നു. ഓട്ട്പോര് സമരത്തില് അതിന്റെ നിര്ണ്ണായക സമയമായ ഒക്ടോബര് 5-ാം തീയതി ഹെലികോപ്ടറില് നിന്നും കെമിക്കല് ആയുധങ്ങള് ബെല്ഗ്രേഡില് വര്ഷിക്കാന് ആജ്ഞ കൊടുത്തപ്പോള് ആകാശം പ്രസന്നമായിരുന്നിട്ടും ജനക്കൂട്ടത്തിന്റെ വ്യക്തമായ ദൃശ്യം കാലവസ്ഥ പ്രതികൂലമായത് കൊണ്ട് കാണാന് സാധിക്കില്ലന്ന് പറഞ്ഞു വിസമ്മതിച്ചു. അപ്പോള് സൂര്യപ്രകാശം ഉണ്ടായിരുന്നു ആ പൈലറ്റ് പിന്നെ പശ്ചാത്താപത്തോടുകൂടി പറഞ്ഞു അതേ ദിവസം പ്രകടനക്കാരുടെ ഇടയില് തന്റെ കുടുംബാംഗങ്ങള് ഉണ്ടായിരുന്നു അതുകൊണ്ട് അദ്ദേഹത്തിന് ആജ്ഞ അനുസരിക്കാന് സാധിച്ചില്ല.

പ്രേരണകൊണ്ടോ അതോ സ്വന്തം താത്പര്യം കൊണ്ടോ ഇത്തരത്തിലുള്ള കൂറുമാറ്റം സാധാരണ സംഭവിക്കും അത് അക്രമരഹിത പ്രതിരോധ സമരത്തിന്റെ നീണ്ടകാലമുള്ള ദ്രവീകരണം മൂലമാണ്. നേരത്തേ സൂചിപ്പിച്ച ചെക്ക് ലിസ്റ്റിലെ 2 പ്രവണതകള് വിലയിരുത്തിയാല് ഈ പ്രവണത സമരത്തിന്റെ പ്രതിരൂപമാണ്. ഏകത്വം ആസൂത്രണം അക്രമരഹിത അച്ചടക്കം എന്നിവയാണ് ഇവയുടെ ഭാഗം. സ്ഥിവിവരക്കണക്കുകള് കാണിക്കുന്ന ഉയര്ന്ന നിലവാരത്തില് വിവിധ ഗ്രൂപ്പുകളില് പ്പെട്ടവരുടെ പങ്കാളിത്തം വര്ദ്ധിച്ചുവരുന്ന കൂറുമാറ്റവുമായി ബന്ധപ്പെടുത്താം. ഏകത്വം ആസൂത്രണം അകരമരഹിത അച്ചടക്കം എന്നിവ കൂറുമാറ്റത്തെ പ്രേരിപ്പിക്കും. ഏത് സമയത്തേക്കാണോ ഒരു സമരം അക്രമരഹിതമായിരിക്കുന്നത് അത് അക്രമങ്ങളിലേക്ക് വഴുതി വീഴാതെ ശ്രമിക്കണം. (2011 ല് സിറിയയില് ഉണ്ടായ ദുരന്ത അനുഭവം പോലെ) അപ്പോള് അക്രമരഹിത സമരത്തിന് ഒരു ദിവസം കൂടി സമരം ചെയ്യാന് സാധിക്കും. അതുപോലെ കൂറുമാറ്റത്തിന് കൂടുതല് വഴിയൊരുക്കുകയും ചെയ്യും. ഒരു ഭരണത്തിനുള്ളില് നിന്നു കൊണ്ട് വിശ്വസ്ഥതയ്ക്ക് കൂറുമാറ്റം സംഭവിക്കുകയും അതിന്റെ നിലനില്പ്പ് അക്രമപ്രവര്ത്തനങ്ങളിലൂടെ അതിനെ ഭീക്ഷണിപ്പെടുത്തിയില്ലെങ്കില് അവരുടെ കൂറുമാറ്റത്തിനുള്ള ശക്തി നിലനിന്നു കൊണ്ട് തന്നെ ഒരു എകാധിപത്യ ഭരണ ഘടനയുടെ കെട്ടുറപ്പിനെ ഭീക്ഷണപ്പെടുത്താം.

## ബാഹ്യനടന്മാര്ക്ക് വേണ്ടിയുള്ള വിവക്ഷകള്

ഈ ഒത്തുനോക്കല് പട്ടിക വിമതര്ക്ക് വേണ്ടിയുള്ളതല്ല മറ്റു ചില ഘടകങ്ങള് കൂടി ഈ സംഘര്ഷവുമായി ബന്ധപ്പെട്ട അവരുടെ പ്രകടനങ്ങള് മെച്ചപ്പെടുത്താന് സാധിക്കും ഉദാഹരണമായി ഈ ചെക്ക്ലിസ്റ്റില് ഒരു സിവില് പ്രതിരോധ സമരത്തെ ക്കുറിച്ചു നല്ല ധാരണയോടുകൂടി റിപ്പോര്ട്ട് ചെയ്യാന് ഒരു പത്രപ്രവര്ത്തകനെ സഹായിക്കും പത്രപ്രവര്ത്തകര് ഒരു സംഘര്ഷത്തിനുള്ളിലേക്ക് ആഴ്ന്നിറങ്ങി അതിന്റെ അകകാഴ്ച കാണണമെങ്കില് ഒരു റിപ്പോര്ട്ടറെ 2014 ന്റെ ആദ്യം കീവില് നടന്ന മൊളോട്ടോകോക്കടെയില് പാര്ട്ടിയുടെ മുന്നില് നിര്ത്തിയാല് അവിടെ നടന്ന അക്രമങ്ങള് കുറേക്കൂടി മോശമാകുമോ. അഥവാ അതിലെ പ്രധാനപ്പെട്ട ശക്തിയെ കൂടുതല് പ്രകാശമാനമാക്കുമോ എന്ന് അറിയാം. എന്നാല് ഒരു സമരത്തിനെ ക്കുറിച്ചുള്ള അന്വോഷണം. ആ സമരത്തിലെ ഏകത്വം ആസൂത്രണം ഇവയുടെ അവസ്ഥ അക്രമരഹിത അച്ചടക്കത്തില് ഉണ്ടായ വിള്ളല്, ആ സംഭവങ്ങളുടെ ഉറവിടം സാധാരണ പൗരന്മാരുടെ വര്ധിച്ചു വരുന്ന പങ്കാളിത്തം അടിച്ചമര്ത്തല് കുറഞ്ഞ് വരുന്നതിന്റെ പ്രഭാവം അടിച്ചമര്ത്തലിന്റെ പ്രഭാവം, സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാര് സൈനീകര് പൂര്ണ്ണമായും ആജ്ഞ അനുസരിക്കുന്നുണ്ടോ ഇല്ലയോ, കൂറുമാറ്റം സ്വമേധയാ നടക്കുന്നതാണോ. ഇവയെക്കുറിച്ചെല്ലാം അതിരുകള്ക്കപ്പുറം ഉള്ള അപഗ്രഥനം ആവശ്യമാണ്. ഇതിനോടുകൂടി ചേര്ക്കാവുന്നത് ബിസിനസ്സുകാരുടെ പിന്തുണ നഷ്ടപ്പെടുന്നുണ്ടോ എന്ന്. ഇതില് നിന്നും വ്യക്തമായി പറഞ്ഞാല് എന്ത്കൊണ്ട് ഉക്രേനിയന് പ്രസിഡന്റ്
എനികോവിച്ച് പലായനം ചെയ്തു. അത് സംഭവിച്ചത് ആ മോശപ്പെട്ട ഭരണത്തിന്റെ അക്രമപ്രവര്ത്തനം തിരിച്ചടിച്ചപ്പോള് മണിക്കൂറുകള്ക്കുള്ളില് തന്നെ. ഇങ്ങനെയുള്ള

സംഭവവികാസങ്ങള് പ്രവചിക്കാന് സാധിക്കും ഒരാള് നേരുത്തെ തന്നെ അതിന്റെ ശരിയായ സൂചകങ്ങളെ നോക്കിക്കണ്ടാല്.

2011 ന്റെ ആദ്യ പാദത്തില് തന്ത്രങ്ങളുടെ രൂപരേഖ ചമയ്ക്കുന്നവര് ചെക്ക് ലിസ്റ്റ് പരിശോധിച്ചിരുന്നെങ്കില് അവര് സൂചിപ്പിക്കുമായിരുന്നു. സിറിയയിലെ അസാദ് ഭരണത്തിനെതിരായി സിവില് പ്രതിരോധ സമരം ജയിക്കാന് ഒരുപാട് അവസരങ്ങള് ഉണ്ടെന്ന്. തുടര്ന്ന് വന്ന വിശ്വസ്തതയുടെ കൂറുമാറ്റം (സുന്നി പട്ടാളക്കാര്ക്കും അപ്പുറം) പട്ടാളത്തിന്റെ ഭരണത്തിനെതിരായി നടന്നത് അതിനെ കാണാന് സാധിക്കുമായിരുന്നു. വിജയിക്കാനുള്ള ഏറ്റവും വലിയ പ്രതീക്ഷ. വ്യവസായ സമൂഹത്തില് പ്പെട്ടവര് പിന്തുണ പിന്വലിച്ചത് മറ്റൊരു സൂചകമായിരുന്നു. ഇതിന്റെ വെളിച്ചത്തില് 2012 ല് അസാദിന്റെ അലവൈറ്റ് പട്ടാളത്തിനെതിരായി സ്വതന്ത്ര സിറിയന് പട്ടാളത്തെ ധൈര്യകൊടുത്തതും ഒരു ദുരന്തത്തിന് മുന് കൂട്ടി കാണാന് പ്രത്യുല്പാദനപരമായി കാണാമായിരുന്നു. തദ്ദേശിയാമായ ജനശക്തി സമരങ്ങള്ക്ക് ബാഹ്യമായ സഹായം കിട്ടുന്നതിനാവശ്യമായ നിബന്ധനകള് വികസിപ്പിച്ചെടുക്കാന് ഈ ഒത്തുനോക്കല് പട്ടിക സഹായകരമായിരിക്കും. ഉദാഹരണമായി ഒത്തുനോക്കല് പട്ടികയിലെ ആദ്യം പ്രതിപാദിക്കുന്ന മൂന്നു കഴിവുകള് ബുദ്ധിയിലധിഷ്ഠിധമായതിനെ വര്ദ്ധിപ്പിച്ച് ബലിഷ്ഠമായ അറിവ് കൈമാറ്റം ചെയ്യാന് ഉതകുന്നതായി പരിഗണിക്കാം. യൂണിവേഴ്സല് ഡിക്ലറേഷന് ഓഫ് ഹ്യൂമണ്റൈസിന്റെ 19-ാം ആര്ട്ടിക്കിള് അനുസരിച്ച് ഒരു ഏകാധിപതിക്ക് അറിവിന്റെ പ്രവാഹം തടയാനോ അത് വിമതര്ക്ക് എത്തിച്ച് കൊടുക്കുന്നതിന്റെ പേരില് പൗരന്മാരെ ശിക്ഷിക്കാനോ വിലക്കാനോ സാധിക്കില്ല. ചെക്ക് ലിസ്റ്റില് ഉള്ള 6 ഇനങ്ങളില് സാങ്കേതികമായി പുതിയ നീക്കങ്ങള്ക്ക് മാര്ഗ്ഗം സൃഷ്ടിക്കാനുള്ള ചിന്ത ഉദ്ദീപിപ്പിക്കും ഈ ചിന്ത മൂന്നു കഴിവുകളെയും മൂന്നു പ്രവണതകളെയും വളര്ത്തിയെടുക്കാന് സഹായകരമാകും.

## ഒത്തുനോക്കല് പട്ടികയും നമ്മുടെ ഭാവിക്ക് രൂപം കൊടുക്കുന്ന സംഘങ്ങളും

അക്രമരഹിത സമരങ്ങള് നടക്കുന്ന സാഹചര്യങ്ങള് സങ്കീര്ണ്ണമാണ് സിവില് രേഖകളില് അടിസ്ഥാനപരമായ ഏകോപിപിക്കലും അതിന്റെ ക്രമാനുഗതമായ പിന്തുടര്ച്ചയും വിജയത്തിലെത്തിക്കുന്ന തന്ത്രങ്ങളുടെ ഒരു നീണ്ട നിരയും അതിന്റെ അനുഭവം ക്രമീകരണം ഇല്ലാത്ത ഒരു ബോധം അനുഭപ്പെടും. അവരുടെ സ്വാഭാവികമായി ഭയം ഒരു തെറ്റായ തീരുമാനം എടുക്കുമ്പോള് ഉണ്ടാകുന്നത് ജനങ്ങളുടെ ജീവന് സ്വാതന്ത്ര്യത്തിനും അപകടം ആകും. എത് സമരഭടന്മാരില് ഒരു തരം നിസ്സംഗത ഉളവാക്കും ഈ നിസംഗതയാണ് ഒരു ഏകാധിപതി അന്വേഷിക്കുന്നത്. ഇത് ഒരു ഏകാധിപതിക്ക് പരാജയപ്പെടുത്താന് സാധിക്കുകയില്ല എന്ന മിഥ്യാധാരണ ഇല്ലാതാക്കും. ഈ ഒത്തു നോക്കല് പട്ടിക വിമതര്ക്ക് പുനനവീകരണം ഇല്ലായ്മ എന്ന ബോധത്തെ സശിപ്പിച്ച് ഒരു മുന്നോട്ടുള്ള വഴി ഇല്ലാതാക്കും. ചിലര് വാദിക്കുന്നത് അനേകം മാറ്റം വരുത്തുന്ന ഘടകങ്ങള് രംഗത്തുണ്ട്.

ഈ ഒത്തുനോക്കല് പട്ടിക ഒരു ഏകാധിപത്യ ഭരണം അവസാനിപ്പിക്കാനോ ലഘൂകരിക്കാനോ സാധിക്കുന്നതല്ല. അതിനു പരി നിര്ണ്ണായകമായ തീരുമാനം എടുക്കുന്നതിനെ വിലയിരുത്തിയാല് ഭാവിയില് ഉണ്ടാകുന്ന സംഘര്ങ്ങള്ക്ക് ഏറ്റവും നല്ല ശ്രദ്ധ കൊടുക്കേണ്ട ഘടകങ്ങള് ആണ്. ഇത് ഒരു പ്രത്യേകസ്ഥലത്തിനും പ്രത്യേക സമരത്തിനും തുല്യത ഇല്ലാത്തതായിരിക്കും.

എങ്ങനെ ആയാലും ഒരു പ്രത്യേക സാഹചര്യത്തിന് ആവശ്യമായ ഘടകങ്ങളെ അവഗണിക്കാന് ഈ ഒത്തു നോക്കല് പട്ടിക ആവശ്യപ്പെടുന്നില്ല പക്ഷേ ആ ഘടകങ്ങളെ ഒരു വിസ്തൃതമായ തന്ത്ര പ്രധാനമായ ചട്ടകൂടില് കാണണം. അവ അനാവരണം ചെയ്യുന്നത് എങ്ങനെ അഥവാ എപ്പോള് ഒരു സിവില് പ്രതിരോധസമരം ജയിക്കാം. അതുല് ഗവാണ്ടെ ഈ ചെക്ക് ലിസ്റ്റിന്റെ പ്രാധാന്യത്തെ കുറിച്ച് പല സന്ദര്ഭങ്ങളില് പരിശോധിച്ച് ഗവേഷണം നടത്തി എഴുതിയതാണ്. 'ഒത്തു നോക്കല് പട്ടിക ആരേയും പ്രതിരോധിക്കാന് കഴിവുള്ളതായി തോന്നുന്നു. വളരെ പരിചയ

സമ്പന്നനെ പോലും നമ്മള് മനസ്സിലാക്കിയിരിക്കുന്നതിനേക്കാള് കഠിനമായ പ്രശ്നങ്ങളിലും പരാജയത്തിനെതിരായി പ്രതിരോധിക്കാന് അവ ഒരു തരത്തിലും ഉള്ള ധാരണയുടെ വലയത്തെ പ്രധാനം ചെയ്യും നമ്മളില് ഓരോരുത്തരിലും ഉള്ള ജന്മസിദ്ധമായ തെറ്റുകളെ അതായത് ഓര്മ്മക്കുറവ് ശ്രദ്ധക്കുറവ് പൂര്ണ്ണതകുറവ് എന്നിവ മനസ്സിലാക്കാന് സഹായിക്കും യഥാര്ത്ഥ സങ്കീര്ണ്ണതയുടെ അവസരങ്ങളില് എവിടെയാണോ അറിവ് ആവശ്യമായത് അത് എത് അളവില് കൂടുന്നു. പ്രവചനാതീതമായി ഭവിക്കുന്നു. ശക്തിയുള്ള ഒരു ഒത്തുനോക്കല് പട്ടിക ബുദ്ധിശൂന്യത ഉറപ്പ് തരുന്നു എന്നാല് നിരൂപണ ദൃഷ്ടിയുള്ളവനെ അവഗണിക്കുന്നില്ല. ആളുകള്ക്ക് സംവദിക്കാനും പരസ്പരം ബന്ധപ്പെടാനും അല്പ്പം ഭേദം ഉള്ളവയെ നിയന്ത്രിക്കാനും അവര്ക്ക് പ്രവചനാതീതമായതിനെ ഏറ്റവും നല്ലതായി അറിയാനും സഹായിക്കും.'

ഈ ചെക്ക്ലിസ്റ്റ് അവസാനത്തെ സൂചകമല്ല ആര് നിലനില്ക്കും, ഏകാധിപതിയോ സിവില് സമര നേതാവോ? എന്നാല് കൂടി ചെക്ക് ലിസ്റ്റ് നിര്ണ്ണായകവും തുടര്ച്ചയുള്ളതുമായ ഒരു കൂട്ടം സൂചകങ്ങളാണ്. അത് വഴി മനസ്സിലാക്കാം എങ്ങനെ പൗരന്മാരുടെ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള അവകാശം സ്വേച്ഛാധിപത്യഭരണത്തിന് കുഴിയില് നിന്നും തരണം ചെയ്യാമെന്ന്.